**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3096** **13-07-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് റെയിൽവേ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുതുക്കാട്, നെല്ലായി, നന്തിക്കര, ആലത്തൂർ എന്നിവിടങ്ങളിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള (ആർ. ബി. ഡി. സി. കെ.) റെയിൽവേയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ ഇനിയും അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **പുതുക്കാട് മണ്ഡലത്തിൽ ആർ.ബി.ഡി.സി. കെ.യുടെ കീഴിൽ 4 പദ്ധതികളാണ് നിലവിലുള്ളത്**<br><br>**പുതുക്കാട് ആർ.ഒ.ബി (No.LC 28&29)**<br><br>**പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി.യ്ക്ക് റെയിൽവേയിൽ നിന്ന് ഡ്രോയിംഗ് നം.CBE/GV1/196/2003 പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ പ്ലാറ്റ്ഫോം വിപുലീകരണവും, അധികമായി 3rd line ഇടുന്നതും പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് റെയിൽവേ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആർ.ബി.ഡി.സി.കെ. വീണ്ടും ജി.എ.ഡി റെയിൽവേയ്ക്ക് സമർപ്പിച്ചു. പിന്നീട് RDSO specification അനുസരിച്ച് 30 മീറ്റർ നീളമുള്ള 2 സ്പാനുകൾ നൽകണമെന്ന് സതേൺ റെയിൽവേ ചീഫ് എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് വീണ്ടും ആർ.ബി.ഡി.സി.കെ. റെയിൽവേയ്ക്ക് ജി.എ.ഡി സമർപ്പിച്ചു. എന്നാൽ പിന്നീടും നിരവധി തവണ തിരുത്തലുകൾ**<br><br>**ആവശ്യപ്പെട്ട് റെയിൽവേ മടക്കി നൽകുകയും, ആവശ്യമായ തിരുത്തലുകൾ വരുത്തിയശേഷം അന്തിമ ജി.എ.ഡി. 22.02.2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**ആലത്തൂർ ആർ.ഒ.ബി. (LC No.33)**<br><br>**റെയിൽവേ ആവശ്യപ്പെട്ട തിരുത്തലുകൾ വരുത്തിയ പുതുക്കിയ ജി.എ.ഡി. 17.02.2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **<u>നെല്ലായി ആർ.ഒ.ബി (LC No.32)</u>**<br><br>**റെയിൽവേ ആവശ്യപ്പെട്ട തിരുത്തലുകൾ വരുത്തിയ പുതുക്കിയ ജി.എ.ഡി. 17.02.2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.**<br><br>**<u>നന്ദിക്കര (LC No.31)</u>**<br><br>**റെയിൽവേ ആവശ്യപ്പെട്ട തിരുത്തലുകൾ വരുത്തിയ പുതുക്കിയ ജി.എ.ഡി. 13.06.2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.** |
| (ബി) | അനുമതി ലഭ്യമാക്കുന്നതിനും മേൽപ്പാല നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | **റെയിൽവേയിൽ നിന്ന് ജി.എ.ഡി.യുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി 20.05.2022-ലും, 30.06.2022-ലും റെയിൽവേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ റെയിൽവേയിൽ നിന്നു ജി.എ.ഡി.യുടെ അംഗീകാരം വേഗത്തിലാക്കുന്നതു സംബന്ധിച്ച് നിരവധി ചർച്ചകളും നടത്തിയിട്ടുള്ളതാണ്. ടി വിഷയം ചർച്ച ചെയ്യുന്നതിനായി ഈ മാസം 12-ാം തീയതി റെയിൽവേ ചീഫ് അഡ്മിനിസ്ട്രേഷൻ ഓഫീസർ ഒരു യോഗം വിളിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ